## ലണ്ടൻ ഫിലിം ഫെസ്റ്റിവൽ 2009

# കാഴ്ചയുടെ ഉത്സവം

ഡോ. പി.വി.രാമചന്ദ്രൻ

**ശിശിരകാലനുഭവമായി മാറിയ ലണ്ടൻ ഫെസ്റ്റിവൽ വിശേഷങ്ങൾ... 53-ാമത് The Times BFI London Film Festival-ൽ മത്സരവിഭാഗങ്ങളിലും അല്ലാതെയുമായി 60-ഓളം രാജ്യങ്ങളിൽനിന്നുള്ള 300-ഓളം സിനിമകൾ പ്രദർശിപ്പിക്കപ്പെട്ടു**

കാലം തെറ്റാതെ വരുന്ന ഋതുക്കളെപ്പോലെയാണ് ഫിലിം ഫെസ്റ്റിവലുകൾ. സ്വന്തം സർഗസൃഷ്ടിക്കായി ഏറെ നാൾ ചെലവിട്ട ചലച്ചിത്രകാരന്മാരെപ്പോലെത്തന്നെ ചലച്ചിത്രപ്രേമികളും ഫിലിം ഫെസ്റ്റിവലുകൾ അടുക്കുമ്പോൾ ആകാംക്ഷാഭരിതരാവുന്നു. ആധുനിക കാലത്തിന്റെ ഏറ്റവും ശക്തമായ മാധ്യമമായ സിനിമ, ഫിലിം ഫെസ്റ്റിവലുകൾ കാത്തിരിക്കുന്ന അനുവാചകരിൽ വിതയ്ക്കുന്നത് ഒരേ വികാരമാണ്. എന്തൊക്കെയായിരിക്കും ഈ ഫെസ്റ്റിവലിലെ പുതുനാമ്പുകൾ. ഇരുത്തം വന്നവരുടെ പുതുസൃഷ്ടികൾ എന്തൊക്കെയാണ്. പുതുമുഖങ്ങളുടെ കന്നിച്ചിത്രങ്ങൾ എങ്ങനെയിരിക്കും. ഒരാൾക്കും ഒരു ഫെസ്റ്റിവലിനും ആഗ്രഹിക്കുന്നയത്രയും ചിത്രങ്ങൾ കണ്ടുതീർക്കാനാവില്ല. പരമാവധി ഇരുപത്തഞ്ച്-മുപ്പത് ചിത്രങ്ങൾ കാണാനേ തിയേറ്ററുകൾക്കിടയിൽ ഓടിനടന്നാലും സാധ്യമാവൂ. തിരുവനന്തപുരത്ത് മാത്രമല്ല, ലോകത്തെവിടെയായാലും സ്ഥിതി മറിച്ചാവില്ലെന്ന് ബ്രിട്ടനിലെ പ്രശസ്തമായ എഡിൻബറോ, ലണ്ടൻ, ലീഡ്സ് ഫെസ്റ്റിവലുകളിൽ എത്തിനോക്കാൻ അവസരമുണ്ടായപ്പോൾ ഈ ലേഖകനും ബോധ്യമായി.




30-കളിൽതന്നെ തുടങ്ങിയ വെനീസ് ഫിലിം ഫെസ്റ്റിവലിനാണ് ഏറ്റവും പഴക്കമുള്ള ഫെസ്റ്റിവലെന്ന ഖ്യാതിയെങ്കിലും ഈവർഷം 63 - ാമത്തെ ഫെസ്റ്റിവൽ നടന്ന, എഡിൻബറോ ഫെസ്റ്റിവലാണ് ലോകത്തിലെ തുടർച്ചയായി നടക്കുന്ന ഏറ്റവും പഴക്കമുള്ള ഫിലിം ഫെസ്റ്റിവൽ (longest continually running film festival). ആഗസ്തിൽ മറ്റൊരു ഡസൻ ഫെസ്റ്റിവലുകളോടൊപ്പം എഡിൻബറോ ഫെസ്റ്റിവലിന്റെ ഭാഗമായി നടന്നിരുന്ന ചലച്ചിത്രോത്സവം ഈ വർഷം മുതലാണ് ജൂണിലേക്ക് മാറ്റിയത്. 2004-ലും 2005-ലും തുടർച്ചയായി എത്തിനോക്കാൻ ഭാഗ്യമുണ്ടായിരുന്നെങ്കിലും തിരക്കില്ലാത്ത അതീവ മനോഹരമായ ആ സ്കോട്ടിഷ് നഗരത്തിൽ നമ്മുടെ തമ്പാനൂരിലേതുപോലെ നടന്നെത്താവുന്ന ദൂരങ്ങൾക്കിടയിലുള്ള തിയേറ്റർ സമുച്ചയങ്ങളിലെ ചലച്ചിത്രാനുഭവം ഈ വർഷം നേടാനാവാതെ പോയെങ്കിലും പകരമായി ഒക്ടോബറിലെ ലണ്ടൻ ഫിലിം ഫെസ്റ്റിവൽ എന്ന ശിശിരകാലാനുഭവം നുകരാനായി.

15-20 സിനിമകളേ ആദ്യകാലങ്ങളിൽ പ്രദർശിപ്പിക്കപ്പെട്ടിരുന്നുള്ളൂ. പതുക്കെപ്പതുക്കെ ഫെസ്റ്റിവലുകളുടെ ഫെസ്റ്റിവൽ എന്ന ആശയം നിലനിർത്തിക്കൊണ്ടുതന്നെ ലണ്ടൻ ഫിലിം ഫെസ്റ്റിവൽ ലോകത്തിന്റെ നാനാഭാഗത്തുനിന്നും ചലച്ചിത്രപ്രതിഭകളെ ആകർഷിച്ചുതുടങ്ങി. 3 തിയേറ്ററുകളുടെ (NFT 1,2,3) സമുച്ചയവും അതിവിശാലമായ പഠനസൗകര്യങ്ങളുള്ള ഈ സ്ഥലമാകെ ഇപ്പോൾ BFI സൗത്ത് ബാങ്ക് എന്നു പുനർനാമകരണം ചെയ്യപ്പെട്ടു. സെൻട്രൽ ലണ്ടനിൽ തുറന്ന സ്ഥലത്ത് പ്രദർശിപ്പിക്കപ്പെടുന്ന തുടക്കത്തിലെയും ഒടുക്കത്തിലെയും പ്രദർശനങ്ങളോടെ ലണ്ടൻ ഫിലിം ഫെസ്റ്റിവലിന് ഒരു സവിശേഷ ജനപ്രിയതയും കൈവന്നു. സജീവമായ ചോദ്യോത്തരവേളകൾ എക്കാലത്തും ലണ്ടൻ ഫിലിം ഫെസ്റ്റിവലുകളുടെ പ്രദർശനങ്ങളുടെ ഒരു തുടർച്ചയായിരുന്നതിനാൽ സംവിധായകരും തിരക്കഥാകൃത്തുക്കളും മാത്രമല്ല നിർമാതാക്കളും നടന്മാരും അണിയറ പ്രൊഫഷണലുകളും ലണ്ടൻ ലക്ഷ്യമാക്കിത്തുടങ്ങി. The Times എന്ന പ്രമുഖ ഫുൾ ഷീറ്റ് പത്രം പ്രധാന സ്പോൺസറായിരുന്ന 53-ാമത് The Times BFI London Film Festival-ൽ മത്സരവിഭാഗങ്ങളിലും അല്ലാതെയുമായി 60-ഓളം രാജ്യങ്ങളിൽനിന്നുള്ള 300-ഓളം സിനിമകൾ പ്രദർശിപ്പിക്കപ്പെട്ടു.

മലയാളിയെ സംബന്ധിച്ചിടത്തോളം ലണ്ടൻ ഫിലിം ഫെസ്റ്റിവലിന് മറ്റൊരു പ്രാധാന്യം കൂടിയുണ്ട്. ചലച്ചിത്രോത്സവത്തിലെ most original and innovative ആയ സൃഷ്ടിക്ക് നൽകിപ്പോരുന്ന സതർലാൻഡ് ട്രോഫി സ്ഥാപിതമായ 1958-നു ശേഷം തൊട്ടടുത്ത വർഷംതന്നെ സത്യജിത് റായിയുടെ അപുർസൻസാറിന് ലഭിച്ചശേഷം കഴിഞ്ഞ അരനൂറ്റാണ്ടിനിടെ ഒരിക്കൽകൂടിമാത്രമേ ആ ട്രോഫി ഇന്ത്യയിലേക്കു വന്നിട്ടുള്ളൂ. അത് 1982-ൽ അടൂർ ഗോപാലകൃഷ്ണന്റെ എലിപ്പത്തായം ആദരിക്കപ്പെട്ടപ്പോഴായിരുന്നു.

VUE സമുച്ചയത്തിൽ വെച്ച് കാണാനിടയായ രണ്ട് സിനിമകളെക്കുറിച്ചൽപം... ഈ ലേഖകൻ ഒരു ചലച്ചിത്രപ്രവർത്തകനോ ഫിലിം ഫെസ്റ്റിവൽ ബുദ്ധിജീവിയോ അല്ലാത്തതിനാൽ അവനവന്റെ ജോലികഴിഞ്ഞ് ഓടിക്കിതച്ചെത്തി സിനിമ കാണുന്നതാണ് ഒരു രീതി. ഏറ്റവും മികച്ച സി

നിമ തിരഞ്ഞുപിടിച്ച് കാണണം എന്ന ശാഠ്യം അതുകൊണ്ടുതന്നെ തിരുവനന്തപുരത്തായാലും വെച്ചുപുലർത്താറില്ല. എന്നിട്ടും അത്രയധികം ചോയ്സ് ഉള്ളതിനാലും ഒരു ഫെസ്റ്റിവൽ ചിത്രത്തിന് മിനിമം ഗ്യാരണ്ടി ഉള്ളതിനാലും ഒരിക്കലും നിരാശപ്പെടേണ്ടിവന്നിട്ടില്ല. ഇത്തവണ ലണ്ടൻ ഫെസ്റ്റിവലിലെ ഉപവിഭാഗങ്ങളിലൊന്നിന്റെ പേര് French revolutions എന്നായിരുന്നു. Fact & fiction-the best in French Cinema എന്ന തലക്കെട്ടിന് കീഴെ 12 ചിത്രങ്ങൾ.

അടുത്തകാലത്തായി ജയിൽച്ചിത്രങ്ങളോട് ഒരു കമ്പം തോന്നിത്തുടങ്ങിയിരുന്നതിനാൽ ഇക്കൂട്ടത്തിൽ സൗകര്യം നോക്കി തിരഞ്ഞെടുത്തത് ഒരു ജയിൽച്ചിത്രമായിരുന്നു. My greatest escape എന്ന Fabienne Godet തിരക്കഥയെഴുതി സംവിധാനം ചെയ്ത 107 മിനുട്ട് ദൈർഘ്യമുള്ള ഈ ചിത്രം ഏതാണ്ട് ഒരു ഡോക്യുമെന്ററിയാണെന്നു പറയാം. The great escape എന്ന പേരുകേട്ട ജയിൽച്ചിത്രവുമായി പേരിൽ മാത്രമാണ് സാമ്യം. ഇതൊരു action thriller അല്ലെന്ന് മാത്രമല്ല, ചരിത്രത്തിലെ ഏറ്റവും വലിയ ജയിൽചാട്ടക്കാരിലൊരാളായ Michael Vaujour എന്ന ഫ്രഞ്ച് കുറ്റവാളിയുടെ ഒരു ജയിൽചാട്ടവും live ആയി നമ്മളെ കാണിക്കുന്നതുപോലുമില്ല സിനിമ. 50 വയസ്സിനിടെ 27 വർഷം ജയിലിൽ കഴിഞ്ഞ (അതിൽ 17 വർഷവും ഏകാന്തതടവിൽ) മൈക്കേൽ 5 തവണ ജയിൽ ചാടിയിട്ടുണ്ട്. ഒരു സിനിമാക്കഥയിലെന്നപോലെ അവയിലേറ്റവും അവിസ്മരണീയവും അത്ഭുതകരവും സ്വന്തം ഭാര്യ പറത്തിയ ഒരു ഹെലികോപ്ടറിൽ പിടിച്ചുതൂങ്ങി ജയിൽ കെട്ടിടത്തിന്റെ മേൽപ്പുരയിൽ നിന്നും മൈക്കേൽ രക്ഷപ്പെട്ടതാണ്. 107 മിനുട്ടിൽ മിക്കപ്പോഴും സ്ക്രീനിൽ നിറഞ്ഞുനിൽക്കുന്നത് വിവിധ ഭാവങ്ങൾ സ്ഫുരിക്കുന്ന മൈക്കേലിന്റെ മുഖം മാത്രമാണ്. ഓരോ രക്ഷപ്പെടലും തന്നെ അഭിമുഖം ചെയ്യാനെത്തിയ ഒരു പത്രപ്രവർത്തകയുമായി പങ്കുവെക്കുമ്പോൾ അതേക്കുറിച്ച് 80-കളിൽ ഫ്രഞ്ച് ടി.വിയിൽ വന്ന വാർത്താവായനാ ക്ലിപ്പിങ്ങുകൾ മാത്രമാണ് സംവിധായകൻ നമ്മെ കാണിക്കുന്നത്. മൈക്കേലിന്റെ വാക്കുകളിലൂടെ നാം കാണുന്നതും കേൾക്കുന്നതും അസാധാരണമായ മനക്കരുത്തുള്ള ഒരു കുറ്റവാളിയുടെ ശബ്ദമാണ്. മൈക്കേലിന്റെ കുടുംബബന്ധങ്ങൾ, കുറ്റകൃത്യങ്ങളിലെ പ്രിയപങ്കാളിയുമായുള്ള സൗഹൃദം, ജയിലിലെ ഏകാന്തതയെ നേരിട്ട് പിടിച്ചുനിൽക്കാനുള്ള മനഃശക്തി, സർവോപരി ഓരോ തവണയും അദമ്യമായ സ്വാതന്ത്ര്യവാഞ്ഛ സാക്ഷാത്കരിക്കാനാവശ്യമായ സ്വയം തിരിച്ചറിവ് ഒരു ഡോക്യുമെന്ററി ചിലച്ചിത്രത്തിന് പോലുമുള്ള അനന്തസാധ്യതകളെ പറ്റി ഈ കൊച്ചു ഫ്രഞ്ച് വിപ്ലവം നമ്മെ ബോധ്യപ്പെടുത്തും. ഒരു ഘട്ടത്തിൽ ജയിലിലെ ഏകാന്തതയെക്കുറിച്ചും ചുവരുകളുടെ നിശ്ശബ്ദമായ നിശ്ശബ്ദതയെക്കുറിച്ചും (വെളിച്ചത്തിനെന്ത് വെളിച്ചം എന്ന ബഷീറിയൻ പ്രയോഗം ഓർമവരും) മൈക്കേൽ ഒരു പുഞ്ചിരിയോടെ പറയുമ്പോൾ - ഒരിക്കൽ, ഒരിക്കൽമാത്രം മൈക്കേലിന്റെ കണ്ണുകളിൽ നനവ് പടരുമ്പോൾ എന്തൊക്കെ കുറ്റങ്ങൾ ചെയ്താലും അടിസ്ഥാന സ്വാതന്ത്ര്യം നിഷേധിച്ച് ഒരാളെ ജയിലിൽ അടയ്ക്കുന്നത് ഒരു ഫാസിസ്റ്റ് മുറയല്ലേ എന്ന് നമുക്ക് തോന്നിപ്പോവും. അതുകൊണ്ടാവണം ഏതു ജയിൽച്ചിത്രത്തിലും പ്രേക്ഷകന്റെ അനുഭാവം തടവുകാരനോടാവുന്നതും.

24 ചിത്രങ്ങളടങ്ങിയ മറ്റൊരു വിഭാഗമായ സിനിമായൂറോപ്പാ ബാക്കി യൂറോപ്യൻ രാഷ്ട്രങ്ങളിലെയെല്ലാം ചിത്രങ്ങളടങ്ങിയ ഒരു ബഹുസ്വര, ബഹുവർണ പൂക്കൂടയായിരുന്നു. അക്കൂട്ടത്തിലെ ഇറ്റാലിയൻ ചിത്രമായ Como dio comanda (As God Commands) ആയിരുന്നു VUE യിലെ 9 തിയേറ്ററുകളിൽ നിന്ന് കാണാനായി ഞാൻ തിരഞ്ഞെടുത്ത രണ്ടാമത്തെ സിനിമ. Gabriele salvalors എന്ന സംവിധായകന്റെ ഈ സൃഷ്ടി Niccolo ammaniti എന്ന ജനപ്രിയ എഴുത്തുകാരന്റെ ക്രോസ് റോഡ്സ് എന്ന ഏറ്റവും പുതിയ കൃതിയുടെ ചലച്ചിത്രഭാഷ്യമായിരുന്നു . തൊഴിൽരഹിതനും സ്വതവേ പ്രക്ഷുബ്ധനുമായ ഒരു പിതാവിന്റെയും കനത്ത ഏകാന്തത അനുഭവിക്കുന്ന അയാളുടെ ടീനേജർ പുത്രന്റെയും കഥയാണ് സിനിമ പറയുന്നത്. മകനുവേണ്ടി നല്ലതെന്തെങ്കിലും ചെയ്യണമെന്നാണ് അച്ഛന്റെ ആഗ്രഹമെങ്കിലും രണ്ടുപേരുടെയും രീതികൾ വ്യത്യസ്തമായതുകൊണ്ട് അവർ തമ്മിലുള്ള ഓരോ ഇടപെടലും സംഘർഷഭരിതമാണ്. പോരാത്തതിന് ഒരു അപകടത്തിൽപ്പെട്ട് മാനസികമായും ശാരീരികമായും തകർന്ന ഒരു പഴയ സഹപ്രവർത്തകനെക്കൂടി കാത്തുരക്ഷിക്കേണ്ട ബാധ്യതയും അച്ഛനുണ്ട്. ഇവർ 3 പേരെ മാത്രം ചുറ്റിപ്പറ്റി നീങ്ങുന്ന കഥാഗതിക്ക് പൊടുന്നനെ രണ്ടാം പകുതിയിൽ അപ്രതീക്ഷിതമായ ചില സംഭവപരമ്പരകൾ കാരണം ഒരു വയലന്റ് ട്വിസ്റ്റ് വന്നുചേരുന്നു. കോരിച്ചൊരിയുന്ന മഴയത്ത് ആകെ മൂടിപ്പുതച്ച രണ്ട് ബൈക്ക് യാത്രികരുടെ തിളങ്ങുന്ന ഓവർക്കോട്ടുകളിലൂടെ രാ






ത്രിയുടെ പശ്ചാത്തലത്തിൽ തെന്നിനീങ്ങുന്ന ക്യാമറ സിനിമാട്ടോഗ്രാഫിയുടെ നൂതനസാധ്യതകൾ മുഴുവനും ഉപയോഗിക്കുന്നു. ഒരു വെറും ക്രൈം ത്രില്ലറായി മാറാമായിരുന്ന സിനിമയ്ക്ക് മനഃശാസ്ത്രത്തിന്റെ ഒരു മാനം നൽകാൻ സംവിധായകനു കഴിഞ്ഞു. രാത്രിയുടെ നിശ്ശബ്ദതയിൽ സ്ക്രീനിൽ നിന്ന് മനുഷ്യശബ്ദങ്ങളേ വരാത്ത കുറെ നിമിഷങ്ങൾ ഒരു വാണിജ്യസിനിമ സാങ്കേതികത്തികവുകൊണ്ടു മാത്രം ഒരു പ്രത്യേക അനുഭവം പകർന്നുതരുന്നതിന് നിദർശനമായി.

രാത്രി സിനിമകൾക്ക് ശേഷമുള്ള ചോദ്യോത്തരവേളകൾ സമയനിബന്ധനയില്ലാതെ നീളുന്നത് കാണാം. മണി പന്ത്രണ്ടോടടുക്കുമെങ്കിലും ഒരൊറ്റയാൾപോലും സീറ്റിൽ നിന്നെഴുന്നേറ്റ് പോവില്ല. ഡയറക്ടറും തിരക്കഥാകൃത്തും മറ്റു ചിലരും stage-ൽ കയറിവന്ന കാണികളുമായും ചോദ്യകാരനുമായും വിശദമായിത്തന്നെ സംവദിച്ചു. Multiplex തിയേറ്ററുകളിൽ 200-ലേറെ സീറ്റുകളില്ലാത്തതിനാൽ ഏറ്റവും പിൻനിരയിലെ പ്രേക്ഷകനുപോലും മൈക്കില്ലാതെ ഒരു ചോദ്യം ചോദിക്കാൻ വിഷമമില്ല. ഇറ്റാലിയൻ സംവിധായകൻ ഒരു മടിയും കൂടാതെ തന്റെ മുറി ഇംഗ്ലീഷിൽ സംസാരിച്ചത് തന്റെ ഭാഷ എയർപ്പോർട്ടിലും ഹോട്ടലിലും മാത്രമേ പറ്റൂ എന്നും ഗൗരവമുള്ള ഒരു ഫിലിം ചർച്ചയ്ക്ക് ചേർന്നതല്ലെന്നും തമാശയായി പറഞ്ഞുകൊണ്ടാണ്. ചോദ്യങ്ങൾ കനത്തതോടെ ഗഹനമായ ഉത്തരങ്ങൾ ഇറ്റാലിയൻ ഭാഷയിലൂടെ, ഒരു ദ്വിഭാഷിയിലൂടെ വന്നുതുടങ്ങി, പണ്ഡിതോചിതമായിത്തന്നെ. മലയാളിക്ക് മാത്രമാണ് ധാരമുറിയാതെ ഇംഗ്ലീഷ് പറയാനാവാത്ത ഒരാളോട് പരിഹാസവും പുച്ഛവും. നമ്മുടെ സിനിമകളിൽ മാത്രമല്ല, ചാനലിലെ പരിപാടികളിലും ഈ പരിഹാസം കാണാം. ലണ്ടൻപോലെ ഒരു കോസ്മോപൊളിറ്റൻ നഗരത്തിൽ ഇംഗ്ലീഷ് ഏകസ്വരമായ ഒരു ഭാഷയല്ലെന്നുമറിയുക. എന്തിന് ഗ്ലാസ്ഗോവിൽ നിന്നോ, ന്യൂകാസിലിൽ നിന്നോ വരുന്ന ഒരു ഇംഗ്ലീഷുകാരന്റെ ഭാഷ, ഒരക്ഷരം മനസ്സിലാവാതെ തരിച്ചുനിന്ന കഥ ലണ്ടനിൽ മാത്രം വളർന്ന ഒരു ഇംഗ്ലീഷ് സഹപ്രവർത്തകൻ പറഞ്ഞുകേട്ടു. പറയാനൊരു ഭാഷ എന്നതിലപ്പുറം ഭാഷയ്ക്കെന്ത് പ്രാധാന്യം. ചലച്ചിത്രഭാഷയുടെ ലോകത്തിൽ പ്രത്യേകിച്ചും.



ചിത്രം: പ്രോഫക്റ്റ്

**മേളയിലെ മികച്ച ചിത്രത്തിനുള്ള അവാർഡിനർഹമായത് Jacques Audiard സംവിധാനം ചെയ്ത A prophet എന്ന ചിത്രമാണ്**

ഒരു ദിവസം രണ്ട് സിനിമകൾ ആറെണ്ണത്തിൽ നിന്ന് തിരഞ്ഞെടുക്കാമെന്ന് കരുതി. 49 സിനിമകളാണ് വേൾഡ് സിനിമ വിഭാഗത്തിലുണ്ടായിരുന്നത്. എല്ലാം 2009-ലെ സൃഷ്ടികൾതന്നെ chris chong തിരക്കഥയെഴുതി സംവിധാനം ചെയ്ത Karaoke 76 മിനുട്ട് മാത്രം ദൈർഘ്യമുള്ള ഒരു മലേഷ്യൻ സിനിമയായിരുന്നു. Pal-moid Plantations ആക്രമിച്ച് കീഴടക്കിയ സാരവാക്കിലെ തമിഴന്മാരും മലായക്കാരും തിങ്ങിനിറഞ്ഞ ഒരു ബാറിൽ ചിതറിത്തെറിക്കുന്ന സംഭാഷണശകലങ്ങളിൽ നിന്നാണ് ക്യാമറ ചലിച്ചു തുടങ്ങുന്നത്. സാമാന്യം നീണ്ട ഈ രംഗത്തോടെ സിനിമയുടെയും പ്രദേശത്തിന്റെയും പശ്ചാത്തല സൃഷ്ടി പൂർണമായി. പഠനം കഴിഞ്ഞ് നഗരത്തിൽ നിന്ന് മടങ്ങിവന്ന Betik എന്ന ചെറുപ്പക്കാരൻ തന്റെ വിധവയായ അമ്മ ഒറ്റയ്ക്ക് നടത്തിപ്പോരുന്ന ബാർ പരിഷ്കരിക്കാനുള്ള പദ്ധതികളിലാണ്. അമ്മയും മകനും തമ്മിലുള്ള അകൽച്ച ക്ലോസപ്പുകളിൽ നിന്നും വൈഡ് ആംഗിൾ വാതിൽപ്പുറക്കാഴ്ചകളിലേക്ക് നീങ്ങുന്ന ക്യാമറ കലാസുഭഗമായാണ് നമ്മെ അനുഭവപ്പെടുത്തുന്നത്. പരീക്ഷണ ചിത്രങ്ങളുടെ പശ്ചാത്തലമുള്ള സംവിധായകൻ ആധുനിക മലേഷ്യൻ സിനിമ നാടകഭാഷയിൽ നിന്നും യഥാർഥ ചലച്ചിത്ര ഭാഷയിലേക്ക് വളരുന്ന ഒരു കാലത്തെയാണ് പ്രതിനിധീകരിക്കുന്നത്.

BFI ആസ്ഥാനത്തെ രാത്രിസിനിമ വീണ്ടും ഒരു പ്രത്യേക അനുഭവമായി, ഒരു ഡോക്യുമെന്ററി സ്വഭാവം അതിനുണ്ടായിരുന്നിട്ട് കൂടി. ഒരിക്കൽകൂടി അതൊരു ജയിൽ സിനിമയും കൂടിയായിത്തീർന്നത് യാദൃച്ഛികമാകണം. Bradley Beesley എന്ന വിശ്രുത ചലച്ചിത്രാകരൻ സംവിധാനം ചെയ്ത ഈ പുതിയ അമേരിക്കൻ സിനിമയുടെ പേര് Sweet hearts of prison rodeo എന്നായിരുന്നു. Sweet heart എന്ന പൈങ്കിളി പദപ്രയോഗം സിനിമയിലെ സ്ത്രീ ശാക്തീകരണത്തിന് ചേരുന്നതായില്ല എന്ന ഒരു വിമർശനം സിനിമയ്ക്ക് ശേഷമുള്ള ചർച്ചയിൽ ശില്പികളിലൊരാൾതന്നെ പങ്ക് വെക്കുന്നത് കേട്ടു. സ്പെയിനിൽ നിന്നാരംഭിച്ച് മെക്സിക്കോയിലും അമേരിക്കയിലും കാനഡയിലും പ്രചാരത്തിലുള്ള ഒരു മൃഗവിനോദമാണ് റോഡിയോ. പുറത്തിരിക്കുന്ന, കൗബോയ് അല്ലെങ്കിൽ കൗഗേളി

നെ സർവശക്തിയും ഉപയോഗിച്ച് കുതിരയോ കാളയോ കുടഞ്ഞിടുന്നതാണ് കാഴ്ച. മൃഗത്തിന്റെ ഒരു ശക്തിപ്രകടനമായതിനാൽ പലപ്പോഴും പുറത്തിരുന്ന് നിയന്ത്രിക്കുന്നയാൾക്ക് സെക്കൻഡുകളേ തന്റെ പ്രാഗത്ഭ്യം കാഴ്ചവെക്കാനാവൂ. അമേരിക്കയിലെ ഓക്‌ലോമ സ്റ്റേറ്റ് ജയിലിൽ 1940 മുതൽ പ്രിസൺ റോഡിയോ ഒരു വാർഷികപരിപാടിയാണ്. തടവുകാരുടെ ബന്ധുക്കളും നാട്ടുകാരുമൊക്കെ കാണാനെത്തിച്ചേരുന്നു. ഒരു ഉത്സവം തന്നെ. അമേരിക്കയിൽ ഏറ്റവുമധികം സ്ത്രീ തടവുകാരുള്ള (അവരിൽ 90 ശതമാനവും അമ്മമാർ) ഈ ജയിലിൽ 2006-ലാണത്രെ

**ബ്രിട്ടീഷ് സിനിമ എന്ന ഗണത്തിൽ പ്രദർശിപ്പിക്കപ്പെട്ട 13 ചിത്രങ്ങളിൽ ഒന്നായ ടോം ഹാർപർ സംവിധാനം ചെയ്ത The Scouting book for boys എന്ന ചിത്രമാണ് മികച്ച പുതിയ ബ്രിട്ടീഷ് സിനിമയായി തിരഞ്ഞെടുക്കപ്പെട്ടത്**

സഞ്ചരിക്കുന്ന, ഇന്ത്യൻ പടങ്ങളുടേത് മാത്രമായ ഒരു ചലച്ചിത്രോത്സവം എന്ന് തോന്നിപ്പോയി.

മേളയിലെ മികച്ച ചിത്രത്തിനുള്ള അവാർഡിനർഹമായത് Jacques Audiard സംവിധാനം ചെയ്ത A prophet എന്ന ചിത്രമാണ്. വീണ്ടും ഒരു പ്രിസൺ ഡ്രാമ. ഈ വർഷത്തെ സതർലാൻഡ് അവാർഡ് ലഭിച്ച ജർമൻ ചിത്രമായ അജാമി. Scandar copti എന്ന പലസ്തീനിയും Yaron shani എന്ന ഇസ്രായേലിയും സംയുക്തമായി സംവിധാനം ചെയ്ത ഒരു ചിത്രത്തിനാണ് എന്ന് പറയുമ്പോൾതന്നെ അതിൽ നിഴലിക്കുന്ന സന്ദേശംതന്നെയാണ് ഈ പടത്തി



ചിത്രം: സ്കൗട്ടിംഗ് ബുക്ക് ഫോർ ബോയ്സ്



അവാർഡ് ജേതാക്കൾ: യാരോൺ, ഷാനി, ടാഹർ, ജോൺ, ഹർട്ട്

ആദ്യമായി സ്ത്രീകളെ ഇതിൽ പങ്കെടുക്കാൻ അനുവദിക്കുന്നത്. ഇതിനുള്ള തയ്യാറെടുപ്പുകളുമായി ക്യാമറകൊണ്ട് സഹകരിക്കാൻ ഡയറക്ടറെ അനുവദിക്കുന്നിടത്താണ് സിനിമ ആരംഭിക്കുന്നത്. ഒരു വിരസമായ ഡോക്യുമെന്ററിയാവുന്നതിന് പകരം പക്ഷേ, ഈ ചിത്രം കാഴ്ചവെക്കുന്നത് മനക്കരുത്തിന്റെയും സ്വാതന്ത്ര്യ വാഞ്ഛയുടെയും കഥയാണ്.

മേളയിൽ 5 ഇന്ത്യൻ ചിത്രങ്ങളുണ്ടായിരുന്നു. ലോകസിനിമാ വിഭാഗത്തിലെ 49 ൽ 5 എന്ന് പറയുമ്പോൾ അത് മോശമല്ലാത്ത പ്രാതിനിധ്യമാണല്ലോ. അവയിലൊന്നുപോലും ഇതെഴുതുന്ന ആൾക്ക് പല കാരണങ്ങളാലും തിരഞ്ഞുപിടിച്ച് കാണാനായില്ലെങ്കിലും അവയുടെ വിവരങ്ങൾ താഴെക്കൊടുക്കുന്നു. എല്ലാം 2009-ലെ ചിത്രങ്ങളാണെന്ന് പറയേണ്ടതില്ലല്ലോ. അനുരാഗ് കാശ്യപിന്റെ ഗുലാൻ, സുധീർ മിശ്രയുടെ തേരാ ക്യാഹോഗാ ജോണി, ശ്യാം ബെനഗലിന്റെ The Stolen well, ഉമേഷ് വിനായക് കുൽക്കർണിയുടെ വിഹിർ, ബുദ്ധദേബ് ദാസ് ഗുപ്തയുടെ ജനാല എന്നിവയായിരുന്നു അവ. ബ്രാക്കറ്റിൽ ഇംഗ്ലീഷ് പേര് പേറുന്ന ഈ ചലച്ചിത്രങ്ങൾ വരുന്നത് വ്യത്യസ്ത ഇന്ത്യൻ ഭാഷകളിൽ നിന്നാവണം എന്നാലോചിക്കുമ്പോൾ, വേണ്ടേ നമുക്കൊരു

ന്റെ ശക്തിയായി വിലയിരുത്തപ്പെട്ടത്. ബ്രിട്ടീഷ് സിനിമ എന്ന ഗണത്തിൽ പ്രദർശിപ്പിക്കപ്പെട്ട 13 ചിത്രങ്ങളിൽ ഒന്നായ ടോം ഹാർപർ സംവിധാനം ചെയ്ത The Scouting book for boys എന്ന ചിത്രമാണ് മികച്ച പുതിയ ബ്രിട്ടീഷ് സിനിമയായി തിരഞ്ഞെടുക്കപ്പെട്ടത്.

ഓർഗനൈസേഷൻ ഓഫ് ഡ്രീംസ് എന്ന ചലച്ചിത്രത്തിൽ ഒരു കഥാപാത്രം ചോദിക്കുന്ന ചോദ്യം ഉദ്ധരിച്ച്കൊണ്ടാണ് Festival director ആയ Sandra Herborn ഫെസ്റ്റിവൽ ഗൈഡിന് തന്റെ ആമുഖം ആരംഭിക്കുന്നത്. സ്വപ്നങ്ങളല്ലെങ്കിൽ പിന്നെ എന്താണ് സിനിമ? എന്നാണാ ചോദ്യം. മേളയിലേക്ക് ചിത്രങ്ങൾ തിരഞ്ഞെടുക്കുന്ന ക്ലേശകരമായ ജോലിയെക്കുറിച്ച് അവർ സൂചിപ്പിച്ചത് വായിച്ചപ്പോൾ തോന്നി, എന്തൊക്കെയായാലും ചിത്രങ്ങളുടെ തിരഞ്ഞെടുപ്പിനെതിരെ അതും ചലച്ചിത്രകാരന്മാർ കോടതിയിൽ പോകുന്നത്, യൂത്ത് ഫെസ്റ്റിവലുകൾക്ക് കോടതിയുത്തരവ് വാങ്ങി മത്സരിക്കുന്നതുപോലെ, മലയാളിയുടെ മാത്രം അസഹിഷ്ണുതയാണെന്ന്. അവാർഡുകളുടെ തൊട്ട് പിറകെ വിവാദങ്ങളുണ്ടാക്കുന്നതുപോലെ. ഒരു സ്കൂൾ ഹെഡ്മാസ്റ്ററെപ്പോലെ ചോദ്യം ചെയ്തുകൂടാത്ത പവിത്രമായ ഒരു സ്ഥാനമാവണം, ഫെസ്റ്റിവൽ ഡയറക്ടർ എന്നത്. ■